## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2259 — 18.06.2013 ൽ മറുപടിക്ക്

**സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻ സെൻറ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
| (എ) കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ; | (എ) Government to Citizen (G2C), Citizen to Government (C2G), Government to Buisiness (G2B), Government to Government (G2G), സർവ്വീസുകളും സേവനങ്ങളും ഡിജിറ്റലായും ഇലക്ട്രോണിക്കലായും കൈകാര്യം ചെയ്യുവാൻ പ്രാപ്തമാക്കുക എന്നതാണ് സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്ട് പദ്ധതി ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുകയാണ്. എല്ലാ സർക്കാർ വകുപ്പുകളും ഡിജിറ്റൽ ഡേറ്റാബേസ് ഉണ്ടാക്കുക, ഇതിനെ ആധാർ നമ്പറുമായി ബന്ധിപ്പിക്കുക, സർക്കാരിൽ നിന്ന് പൗരനു നൽകുന്ന എല്ലാ പേയ്മെന്റുകളും ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ടുകളിലൂടെ നടത്തുക, പഞ്ചായത്തു തലം വരെ KSWAN കണക്ഷൻ നൽകുക, സർക്കാരിലേക്കുള്ള പണമിടപാടുകൾ ഇ- പേയ്മെന്റ് ഗേറ്റ് വേ വഴി നടത്തുക എന്നീ പദ്ധതികൾ സമ്പൂർണ്ണ ഡിജിറ്റൽ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. |

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

- സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈനാക്കി ഒരു ഏകജാലക സംവിധാനം വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക
- പൊതു ജനങ്ങൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ പോകാതെ അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ ലഭ്യമാക്കുക
- സർക്കാർ നടപടികൾ സുതാര്യവും കാര്യക്ഷമവും ആക്കുക
- അഴിമതി ഇല്ലാതാക്കുക
- സർക്കാരിന്റേയും പൗരൻമാരുടേയും ചിലവു കുറയ്ക്കുക
- സർക്കാർ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് എത്തുന്നു എന്ന് ഉറപ്പു വരുത്തുക
- അർഹത ഇല്ലാത്തവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കി ഖജനാവ് ചോർച്ച തടയുക.
- ഇട നിലക്കാരെ ഒഴിവാക്കുക

(സി) ആരുടെ നേതൃത്വത്തിലാണ് ഇതിനുള്ള പദ്ധതികൾ നടപ്പാക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) & (ഡി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായവും ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ